കാസർഗോഡ് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്ക് ധനസഹായം

144 (6062) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭയിൽ നിർമ്മിക്കുന്ന കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്ക് ധനസഹായം അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്നതിനുള്ള ഉത്തരവിന് വേണ്ടി ജനപ്രതിനിധികളുടെ അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവ് എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. വാണിജ്യ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിനായി മാറ്റിവയ്ക്കുന്ന സ്ഥലത്ത് (commercial space)നിന്ന് ലഭിക്കുന്ന വരുമാനം കാഞ്ഞങ്ങാട് നഗരസഭയ്ക്ക് നൽകാൻ കെ.എസ്.ആർ.ടി.സി. തയ്യാറാണെങ്കിൽ, ഡിപ്പോ നിർമ്മാണത്തിന് കാഞ്ഞങ്ങാട് നഗരസഭയ്ക്കും ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾക്കും വിഹിതം നൽകാവുന്നതാണ് എന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപടികൾ സ്വീകരിച്ചുവരുന്നു.

പത്തനംതിട്ട ആനിക്കാട് പഞ്ചായത്തിലെ പ്രവൃത്തികൾ

145 (6063) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽപ്പെട്ട ആനിക്കാട് പഞ്ചായത്ത് 12-10 വാർഡിൽ കിഴക്കേക്കരപ്പടി-മേട്ടയിൽ സ്റ്റെപ്പ് നിർമ്മാണ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ഏതുവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ വർക്ക് അനുവദിച്ചത് ; എത്ര രൂപയായിരുന്നു എസ്റ്റിമേറ്റ് ; എന്നാണ് വർക്ക് പൂർത്തീകരിച്ചത് വിശദമാക്കുമോ ;

(സി) പദ്ധതി പൂർത്തീകരണം സംബന്ധിച്ച് 'M' ബുക്കിൽ രേഖപ്പെടുത്തി ബില്ലുകൾ തയ്യാറാക്കി എഞ്ചിനിയർ പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ;

(ഡി) ബിൽ തുക നൽകുന്നതിനുള്ള എല്ലാ നടപടികളും നടത്തിയിട്ടും പണി നടത്തിയ ഗുണഭോക്തൃ സമിതിയുടെ കൺവീനർക്ക് ഇതുവരെയും തുക നൽകാത്തത് എന്തുകൊണ്ട് ; ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെമേൽ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തി നടന്നതിനുശേഷം നടന്ന പ്രവൃത്തികളുടെ തുക നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കൺവീനർക്ക് എന്നത്തേയ്ക്ക് തുക നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2008-2009 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ വർക്ക് അനുവദിച്ചത്. 30,000 (മുപ്പതിനായിരം) രൂപയായിരുന്നു എസ്റ്റിമേറ്റ്. പ്രവൃത്തി 2008-2009-ൽ പൂർത്തീകരിച്ചു.

(സി) പഞ്ചായത്തിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയർ ബില്ലുകൾ തയ്യാറാക്കി പഞ്ചായത്ത് സെക്രട്ടറിയെ ഏല്പിച്ചിട്ടില്ല.

(ഡി) പഞ്ചായത്തിന്റെ തനത് ഫണ്ട് വകയിരുത്തി അംഗീകാരം വാങ്ങി നടപ്പിലാക്കിയ പ്രവൃത്തിക്ക്, ഫണ്ടിന്റെ അപര്യാപ്തതമൂലം 2008-2009 സാമ്പത്തിക വർഷം തുക നൽകുന്നതിന് സാധിച്ചില്ല. സ്പിൽ ഓവറിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ തുടർന്നുള്ള വർഷങ്ങളിലും തുക നൽകുന്നതിന് സാധിച്ചില്ല. ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാണ്.

(ഇ) തുക ലഭ്യമായ മറ്റ് ഫണ്ടുകളുടെ കീഴിലുള്ള പ്രവൃത്തികൾക്കുള്ള തുക നൽകിയിട്ടുണ്ട്.

(എഫ്) അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുക ലഭ്യമാക്കുന്നതാണ്.

റസിഡൻസ് അസോസിയേഷനുകളുടെ പ്രവർത്തനം

146 (6064) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റസിഡൻസ് അസോസിയേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അസ്സോസിയേഷനിലെ അംഗങ്ങൾ തമ്മിലും മറ്റു റസിഡൻസ് അസ്സോസിയേഷനുമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ റസിഡൻസ് അസ്സോസിയേഷന്റെ പങ്കിനെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രശ്നങ്ങളിൽ മദ്ധ്യസ്ഥത എടുക്കുന്നവരെ കേസ്സിൽ പ്രതി ചേർക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ റസിഡൻസ് അസ്സോസിയേഷനിലെ അംഗങ്ങൾക്ക് നിയമപരിരക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly